ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 26.11.2026 | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. ഭരണഘടന ദിനത്തിൽ രാജ്യമെമ്പാടും വിപുലമായ ആഘോഷ പരിപാടികൾ. ഭരണഘടനയുടെ അന്തഃസത്ത ഉയർത്തിപ്പിടിക്കാൻ ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Constitution Day is celebrated across the country. Prime Minister Narendra Modi calls upon people to uphold the spirit of the Constitution.

2. രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും. എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

   President Droupadi Murmu will arrive in Keralam tomorrow on a two-day visit. She will attend various programmes in Ernakulam, Thrissur and Kannur districts.

3. മുംബൈ ഭീകരാക്രമണത്തിൻറെ 18-ാം വാർഷികം ഇന്ന്. ഭീകരതയ്ക്കെതിരെ പോരാടിയ ധീര സൈനികർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് രാഷ്ട്രപതി ഉൾപ്പെടെയുള്ള പ്രമുഖർ.

   The 18th anniversary of the Mumbai terror attacks is being observed today. President and other prominent leaders pay tribute to the brave security personnel who fought against terrorism.

4. വെനീസ് ആർട്ട് ബിനാലെയുടെ 61-ാമത് അന്താരാഷ്ട്ര കലാ പ്രദർശനത്തിൽ, ദേശീയതലത്തിൽ മികച്ച പങ്കാളിത്തത്തിനുള്ള 'വിസിറ്റേഴ്സ് ലയൺ' പുരസ്കാരം ഇന്ത്യയ്ക്ക്.

India wins Visitors' Lion for Best National Participation at Venice Art Biennale 2026.

5. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേരളത്തിലെ ഏക ഗോത്രവർഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിക്ക് പ്രത്യേക ധനസഹായമായി 60 ലക്ഷം രൂപ അനുവദിച്ച് സംസ്ഥാന സർക്കാർ.

The Government of Keralam has sanctioned special financial assistance of 60 lakh rupees to Idamalakkudy, Keralam's only tribal village panchayat, which is facing a financial crisis.

6. ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി വനിതാ ഹോക്കിയിൽ ജപ്പാനെ പരാജയപ്പെടുത്തി ഇന്ത്യ സെമിഫൈനലിൽ.

India enters the semi-finals of the Women's Asian Champions Trophy hockey defeating Japan.

****

CONSTITUTION DAY -(INTRO)

ഇന്ന് ഭരണഘടന ദിനം. 1949-ൽ ഭരണഘടനാ നിർമ്മാണ സഭ ഭരണഘടന അംഗീകരിച്ചതിന്റെ ഓർമ്മയ്ക്കായിയാണ് ദിനാചരണം. ന്യൂഡൽഹിയിലെ 'സംവിധാൻ സദനിൽ' നടക്കുന്ന ചടങ്ങിനെ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് അഭിസംബോധന ചെയ്യും.

വിശദാംശങ്ങളിലേക്ക്...

(വോയ്സ്)

2015 മുതലാണ് ഭരണഘടനാ ദിനാചരണം ആരംഭിച്ചത്. ഭരണഘടനയെക്കുറിച്ചും, അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം വളർത്തുന്നതിന് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴിയും, പ്രാദേശിക തലത്തിലുള്ള കൂട്ടായ്മകൾ വഴിയും വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന്

പാർലമെന്ററികാര്യ മന്ത്രാലയം അറിയിച്ചു. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 22 ഭാഷകളിലും ഇംഗ്ലീഷിലുമായി ആകെ 23 ഭാഷകളിൽ MyGov പോർട്ടൽ വഴി ഭരണഘടനയുടെ ആമുഖം വായിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.
ന്യൂസ് ഡെസ്ക്, ആകാശവാണി.

****

PM-CONST.DAY

ഭരണഘടനയുടെ അന്തഃസത്ത ഉയർത്തിപ്പിടിക്കാനും, 2047-ഓടെ വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനായി കൂട്ടായി പരിശ്രമിക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. പാർലമെന്റിനും കോടതികൾക്കും അപ്പുറത്തേക്ക് ഭരണഘടനയുടെ ചൈതന്യം വ്യാപിക്കണമെന്നും ഒരു ലേഖനത്തിൽ അദ്ദേഹം വ്യക്തമാക്കി. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങൾക്ക് അദ്ദേഹം ആദരാഞ്ജലികൾ അർപ്പിച്ചു.

****

PREZ - ANNIVERSARY

മുംബൈ ഭീകരാക്രമണത്തിൻറെ 18-ാം വാർഷികം ഇന്ന്. ഭീകരതയ്ക്കെതിരെ പോരാടിയ ധീര സൈനികർക്കും പോലീസ് ഉദ്യോഗസ്ഥർക്കും, ജീവൻ നഷ്ടമായ സാധാരണക്കാർക്കും രാഷ്ട്രപതി ദ്രൗപദി മുർമു ആദരാഞ്ജലികൾ അർപ്പിച്ചു. ഭീകരവാദത്തെ അതിൻറെ എല്ലാ രൂപങ്ങളിലും ഉന്മൂലനം ചെയ്യാൻ ഒരുമിച്ച് നിൽക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

****

US-NEW TARIFFS

ചൈന, യൂറോപ്യൻ യൂണിയൻ, ഇന്ത്യ എന്നിവയുൾപ്പെടെ 14 രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് 15 മുതൽ 35 ശതമാനം വരെ പുതിയ തീരുവ ഏർപ്പെടുത്താൻ നിർദ്ദേശിച്ച് അമേരിക്ക. രാജ്യത്തിൻറെ വ്യാവസായിക അടിത്തറ ദുർബലപ്പെടുത്തുന്ന നയങ്ങളെ നേരിടാനാണ് ഈ നടപടിയെന്ന് യുഎസ് ട്രേഡ് റെപ്രസന്റേറ്റീവ് ജാമിസൺ ഗ്രീർ വ്യക്തമാക്കി. അതെസമയം, ഇന്ത്യ-അമേരിക്ക ഉഭയകക്ഷി വ്യാപാര

കരാർ എത്രയും വേഗം യാഥാർഥ്യമാകുന്നതിന് അമേരിക്കയുമായി സഹകരണം തുടരാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വാണിജ്യ മന്ത്രാലയം അറിയിച്ചു. യു.എസ് പുറപ്പെടുവിച്ച വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും സ്ഥിതിഗതികൾ വിലയിരുത്തി വരികയാണെന്നും മന്ത്രാലയം വ്യക്തമാക്കി.

****

PM-PRAGATI MEETING

രാജ്യത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികൾക്ക് ചെലവഴിക്കുന്ന തുകയേക്കാൾ ലഭിക്കുന്ന ഫലങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ പ്രഗതിയുടെ 55-ാമത് യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. റോഡ്, ഊർജ്ജം, കൽക്കരി, റെയിൽവേ എന്നീ മേഖലകളിലായി, 78,000 കോടി രൂപയിലധികം ചെലവ് വരുന്ന അഞ്ച് സുപ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പുരോഗതി ശ്രീ നരേന്ദ്ര മോദി വിലയിരുത്തി.

****

NEPAL-NDRRMA

ഈ വർഷം ഓഗസ്റ്റ് 26-ന് നേപ്പാളിൽ ഉണ്ടായ മിന്നൽ പ്രളയത്തിൽ കാണാതായവരെ മരിച്ചതായി കണക്കാക്കുന്നതിനുള്ള നടപടികൾ നേപ്പാൾ സർക്കാർ ആരംഭിച്ചു. 213 ഇന്ത്യൻ പൗരന്മാർ ഇതിൽ ഉൾപ്പെടുന്നു. കാണാതായ ഇന്ത്യക്കാരുടെ പട്ടിക പ്രസിദ്ധീകരിക്കുകയും, ഇക്കാര്യത്തിൽ എന്തെങ്കിലും എതിർപ്പുകളോ തിരുത്തലുകളോ ഉണ്ടെങ്കിൽ ഡിസംബർ 2-നകം അറിയിക്കാൻ നേപ്പാളിലെ ദുരന്തനിവാരണ അതോറിറ്റി ആവശ്യപ്പെട്ടു.

****

ECI- STATES

വോട്ടർ പട്ടികയിലെ നിലവിലെ വിവരങ്ങളിലെ തെറ്റുകൾ കണ്ടെത്തി തിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിൻറെ ഭാഗമായാണ് നടപടി.

25 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് അയച്ച കത്തിലാണ് കമ്മീഷൻ ഇക്കാര്യം വ്യക്തമാക്കിയത്.

****

VENICE ART BIENNALE

വെനീസ് ആർട്ട് ബിനാലെയുടെ 61-ാമത് അന്താരാഷ്ട്ര കലാ പ്രദർശനത്തിൽ, ദേശീയതലത്തിൽ മികച്ച പങ്കാളിത്തത്തിനുള്ള 'വിസിറ്റേഴ്സ് ലയൺ' പുരസ്കാരം ഇന്ത്യയ്ക്ക്. രാജ്യത്തിൻറെ സമകാലിക കലയ്ക്കും സാംസ്കാരിക പൈതൃകത്തിനും ആഗോള തലത്തിൽ ലഭിച്ച സുപ്രധാന അംഗീകാരമാണിത്. സന്ദർശകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വോട്ടെടുപ്പിലൂടെയായിരുന്നു പുരസ്കാര നിർണയം. രാജ്യത്തിൻറെ കലാ-സാംസ്കാരിക സമൂഹത്തിന് അഭിമാനകരമായ നേട്ടമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ പറഞ്ഞു.

****

NATIONAL MILK DAY

ഇന്ന് 'ദേശീയ ക്ഷീര ദിനം. ധവള വിപ്ലവത്തിന്റെ പിതാവായ ഡോ. വർഗീസ് കുര്യന്റെ ജന്മദിനമാണ് ക്ഷീരദിനമായി ആഘോഷിക്കുന്നത്. പാൽ ഉൽപ്പാദനത്തിന്റെ പ്രാധാന്യം, ക്ഷീരമേഖലയുടെ വളർച്ച, ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയിലേക്ക് കർഷകർ നൽകുന്ന സംഭാവനകൾ എന്നിവയുടെ പ്രാധാന്യം ഈ ദിനം ഓർമ്മിപ്പിക്കുന്നു.

****

PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണപരിപാടി 'മൻ കീ ബാത്' ഈ മാസം 29-ന്. 'മൻ കീ ബാത്തി'ലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും MyGov ഓപ്പൺ ഫോറത്തിലോ, 1800 - 11-7800 എന്ന ടോൾഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

****

PRESIDENT - KERALA

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും. രാവിലെ ശങ്കരാചര്യരുടെ

ജന്മസ്ഥലമായ കാലടി സന്ദർശിക്കും. തുടർന്ന് തൃശ്ശൂരിലേക്ക് പോകുന്ന രാഷ്ട്രപതി, വൈദ്യരത്നം ആയുർവേദ കോളേജിൻറെ സുവർണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയാകും. വൈകിട്ട് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഈ മാസം 28 ന് രാവിലെ ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിലെ പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന പാസിംഗ് ഔട്ട് പരേഡിൽ ശ്രീമതി.ദ്രൗപദി മുർമു മുഖ്യാതിഥിയാകും.

****

IDAMALAKKUDI PACKAGE

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേരളത്തിലെ ഏക ഗോത്രവർഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിക്ക് പ്രത്യേക ധനസഹായമായി 60 ലക്ഷം രൂപ അനുവദിച്ച് സംസ്ഥാന സർക്കാർ. പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ദൈനംദിന ഭരണച്ചെലവുകൾ എന്നിവയ്ക്കായി ഈ തുക വിനിയോഗിക്കാമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ അറിയിച്ചു. വിദൂര ഗോത്രമേഖലകൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുമുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുമെന്നും അദ്ദേഹം വ്യക്തമാക്കി.

****

SABARIMALA (INTRO)

ശബരിമല സന്നിധാനത്ത് ഇന്ന് രാവിലെ 11 മണിവരെ 34,030 തീർഥാടകർ ദർശനം നടത്തി. അതെസമയം, പെരുനാട് - പമ്പ ശബരിമല പാതയിൽ വാഹനങ്ങളിൽ നിന്നും റോഡിലേയ്ക്ക് ഭക്ഷണ അവശിഷ്ടങ്ങൾ വലിച്ചെറിയുന്നതും വാഹനങ്ങളുടെ അമിതവേഗവും വന്യമൃഗങ്ങൾക്ക് ഭീഷണിയാകുന്നതായി വനം വകുപ്പ് അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.
(വോയ്സ്)

****

KASHI TAMIL SANGAMAM

ഉത്തർപ്രദേശിലെ വാരാണസിയിൽ ശനിയാഴ്ച ആരംഭിക്കുന്ന കാശി തമിഴ് സംഗമത്തിൻറെ അഞ്ചാം പതിപ്പ് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. 'തിരുക്കുറൾ പഠിക്കാം' എന്ന പ്രമേയത്തിൽ നടക്കുന്ന പരിപാടി
യുവജനങ്ങൾക്കിടയിൽ തിരുക്കുറലിലെ കാലാതീതമായ ആശയങ്ങൾ പ്രചരിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. തമിഴ്നാട്ടിൽ നിന്ന് ഏകദേശം 1400 പേർ പരിപാടിയിൽ പങ്കെടുക്കും. അടുത്ത മാസം 12 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സംബന്ധിക്കും.

****

CONSTITUTION DAY PLEDGE

ന്യൂഡൽഹിയിലെ ആകാശവാണി ഭവനിൽ നടന്ന ചടങ്ങിൽ ഭരണഘടനയുടെ ആമുഖം വായിച്ചു. ആകാശവാണി ഡയറക്ടർ ജനറൽ എൽ.മധു നാഗ് നേതൃത്വം നൽകി. ഗോവ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ ഭരണഘടനാ പ്രതിജ്ഞയെടുത്തു. പി ഐ ബി വെസ്റ്റ് സോൺ ഡയറക്ടർ ജനറൽ സ്മിത വത്സ് ശർമ്മ പ്രതിജ്ഞ ചൊല്ലികൊടുത്തു.

****

AIR RISING STARS SEASON

യുവസംഗീത പ്രതിഭകളെ അണിനിരത്തി ആകാശവാണി ഒരുക്കുന്ന സംഗീതോത്സവമായ AIR Rising Stars Season 1-ൻറെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയം സംഘടിപ്പിച്ച സംഗീത പരിപാടികൾക്ക് തുടക്കമായി. വഴുതക്കാട് വിമൻസ് കോളേജിൽ നടന്ന ചടങ്ങ് ഗായകൻ കെ.എസ്. ഹരിശങ്കർ ഉദ്ഘാടനം ചെയ്തു.

****

WOMENS HOCKEY

ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി വനിതാ ഹോക്കിയിൽ ഇന്ത്യ സെമിഫൈനലിൽ. ഭോപ്പാലിൽ നടന്ന മത്സരത്തിൽ ജപ്പാനെ 4-0 ത്തിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ

സെമിയിൽ കടന്നത്. നവനീത് കൗർ ആണ് പ്ലെയർ ഓഫ് ദി മാച്ച് . നാളെത്തെ സെമിഫൈനലിൽ ഇന്ത്യ മലേഷ്യയെ നേരിടും.

****

IFFI – WOMEN FILMMAKERS

സിനിമയിൽ സ്ത്രീകളുടെ സംഭാവനകളെ എടുത്തു കാട്ടി 57-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്ര മേള. ഈ വർഷത്തെ മേളയിൽ 52 വനിതാ ചലച്ചിത്ര പ്രവർത്തകർ പങ്കെടുക്കുന്നുണ്ട്. വൈവിധ്യമാർന്ന ആഖ്യാനങ്ങളും പുതിയ കാഴ്ചപ്പാടുകളും അവതരിപ്പിച്ചുകൊണ്ട് ഇന്ത്യൻ വനിതാ ചലച്ചിത്ര പ്രവർത്തകർ ഇതിൽ മുൻപന്തിയിലുണ്ട്. കിർഗിസ്ഥാൻ ചലച്ചിത്ര പ്രവർത്തക നർഗിസ ഡോത്തിയേവയുടെ 'സ്ലൈലാർക്ക്', റൊമാനിയൻ വംശജയായ ചലച്ചിത്ര പ്രവർത്തക അലീന ഷെർബാൻ സംവിധാനം ചെയ്ത 'ഐ മാറ്റർ' എന്നീ ചലച്ചിത്രങ്ങളും പ്രദർശനത്തിനുണ്ട്.

****

****

***